**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **04-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്ലാൻ ഫണ്ട് പ്രകാരം 260 വില്ലേജ് ഓഫീസുകളും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 255 വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്ലാൻ ഫണ്ട് പദ്ധതി പ്രകാരം 156 വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനവും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 34 വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനവും പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് വില്ലേജുകളുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയാണ്. |
| (ബി) | വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന രേഖകളിൽ ഏതൊക്കെ രേഖകളാണ് ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | സുതാര്യത ഉറപ്പാക്കിക്കൊണ്ട് വില്ലേജ് ഓഫീസിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന ഓൺലൈൻ രേഖകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സുതാര്യത ഉറപ്പാക്കിക്കൊണ്ട് വില്ലേജ് ഓഫീസിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന ഓൺലൈൻ രേഖകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

**1) ഇ-ഡിസ്ട്രിക്ട് മുഖാന്തരം 23 സാക്ഷ്യപത്രങ്ങൾ ഓൺലൈൻ ആയി നൽകിവരുന്നു.**

- കമ്യൂണിറ്റി സർട്ടിഫിക്കറ്റ്
- ജാതി സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
- സോൾവൻസി സർട്ടിഫിക്കറ്റ്
- ബന്ധുത്വ സർട്ടിഫിക്കറ്റ്
- പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
- ഡൊമിസൈൽ സർട്ടിഫിക്കറ്റ്
- കൈവശാവകാശ സർട്ടിഫിക്കറ്റ്
- ഡിപ്പൻ്റൻസി സർട്ടിഫിക്കറ്റ്
- അഗതി സർട്ടിഫിക്കറ്റ്
- കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
- മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
- നോൺ റീമാരേജ് സർട്ടിഫിക്കറ്റ്
- വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്
- പൊസ്സഷൻ ആൻഡ് നോൺ അറ്റാച്ച്മെൻറ് സർട്ടിഫിക്കറ്റ്
- വാല്യൂവേഷൻ സർട്ടിഫിക്കറ്റ്
- വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
- കൺവെർഷൻ സർട്ടിഫിക്കറ്റ്
- നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്
- ഭൂസ്ഥിതി സർട്ടിഫിക്കറ്റ്
- മൈനോറിറ്റി സർട്ടിഫിക്കറ്റ്

**2) റവന്യൂ ഇ -സർവീസ്**

a) BTR പകർപ്പ് online

b )തണ്ടപ്പേർ പകർപ്പ് ഓൺലൈൻ

c)ലൊക്കേഷൻ മാപ്പ് ഓൺലൈൻ

d) FMB (ഫീൽഡ് മെഷർമെൻറ് ബുക്ക്) ഓൺലൈൻ

e) ഓൺലൈനായി കരം ഒടുക്കുന്നതിനുള്ള സൗകര്യം